"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഉമ്പപ്പ 2024 -എറണാകുളം ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ ഓണാഘോഷപരിപാടികൾ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.651/2025/LSGD തീയതി,തിരുവനന്തപുരം, 10-03-2025

---

പരാമർശം:-

1. എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.08.2024, 02.08.2024 എന്നീ തീയതികളിലെ കത്തുകളും അനുബന്ധ രേഖകളും.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 ലെ 4.69-ാം നമ്പർ തീരുമാനം

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുമായി സഹകരിച്ച് കലാകായിക മത്സരങ്ങൾ, പ്രദർശന മേളകൾ, കലാപരിപാടികൾ, ദീപാലങ്കാരങ്ങൾ എന്നിവ ഉൾപ്പെടുത്തി ഉമ്പപ്പ 2024 എന്ന പേരിൽ കഴിഞ്ഞ ഓണസമയത്ത് ഓണാഘോഷപരിപാടികൾ നടത്തിയെന്നും ആയതിന് സാധൂകരണം നൽകണമെന്നും എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നു.

30.01.2025 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലാ പഞ്ചായത്ത് കഴിഞ്ഞ ഓണസമയത്ത് നടപ്പാക്കിയതും 3,00,000 രൂപ അടങ്കൽ തുക നിശ്ചയിച്ചിരുന്നതുമായ ഉമ്പപ്പ 2024 എന്ന പദ്ധതിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
സെക്രട്ടറി, എറണാകുളം ജില്ലാ പഞ്ചായത്ത്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
തദ്ദേശ സ്വയംഭരണ (ഡിഎ)വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 11-03-2025 10:44:38

സെക്ഷൻ ഓഫീസർ